**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2662** | **06.12.2018 -ൽ മറുപടി നൽകേണ്ടിയിരുന്നത്**

# ക്ഷേത്രവികസനത്തിന് കേന്ദ്ര സർക്കാർ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. വീണാ ജോർജ്ജ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | ആറന്മുള ക്ഷേത്രം, പത്മനാഭ സ്വാമി ക്ഷേത്രം, ശബരിമല ക്ഷേത്രം എന്നിവിടങ്ങളിലെ വികസനത്തിന് കേന്ദ്ര സർക്കാർ നൂറുകോടി രൂപ അനുവദിച്ചിരുന്നോ; | എ) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിന്റെ ഭാഗമായ സ്പിരിച്വൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീ പത്മനാഭ – ആറന്മുള – ശബരിമല വികസനത്തിനായി 9221.80 ലക്ഷം രൂപയുടെയും ശബരിമല (എരുമേലി-പമ്പ-സന്നിധാനം) വികസനത്തിനായി 9998.92 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് അനുമതി ലഭിച്ചിരുന്നു. |
| ബി) | ഇതിൽ എത്ര കോടി രൂപ സംസ്ഥാനത്തിന് കൈമാറിയിട്ടുണ്ട്; | ബി) | ശ്രീ പത്മനാഭ – ആറന്മുള – ശബരിമല വികസനത്തിനായി 7242.03 ലക്ഷം രൂപയും ശബരിമല (എരുമേലി-പമ്പ-സന്നിധാനം) വികസനത്തിനായി 1999.78 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| സി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; നിർമ്മാണ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ? | സി) | ശ്രീ പത്മനാഭ – ആറന്മുള – ശബരിമല വികസന പദ്ധതിയുടെ ഒരു ഘടകമായ ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ആറന്മുളയിലെയും ശബരിമലയിലെയും പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലുമാണ്. കൂടാതെ ശബരിമല വികസന പ്രവർത്തികളുടെ പുനർ ഭരണാനുമതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം |

മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ശ്രീ പത്മനാഭ - ആറന്മുള - ശബരിമല വികസന പദ്ധതിയുടെ ഒരു ഘടകമായ ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ നിർമ്മാണ പ്രവൃത്തികളുടെ ചുമതല ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര എക്സിക്യൂട്ടീവ് ഓഫീസറെയും ആറന്മുളയിലെ പ്രവൃത്തികളുടെ ചുമതല ഇറിഗേഷൻ വകുപ്പിനെയും, തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും, രണ്ടു പ്രവൃത്തികളിലും ഉൾപ്പെട്ടു വരുന്ന ശബരിമല വികസന പ്രവൃത്തികളിൽ പമ്പയിലെ പെഡസ്റ്റ്രിയൻ ബ്രിഡ്ജ് ഉൾപ്പെട്ടുവരുന്ന രണ്ട് പ്രവൃത്തികളുടെ ചുമതല ഇറിഗേഷൻ വകുപ്പിനെയും, മറ്റു ഘടകങ്ങളുടെ നിർമ്മാണ ചുമതല ശബരിമല മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കുന്ന ഹൈ പവർ കമ്മിറ്റിയെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്.

Sandhya.

സെക്ഷൻ ഓഫീസർ